**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1093** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂമി തരം മാറ്റൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** തൃക്കാക്കര മണ്ഡലത്തിലെ പനമ്പള്ളി നഗർ, ഗിരി നഗർ, ജവഹർ നഗർ, തുടങ്ങിയ സ്ഥലങ്ങളിൽ നാൽപ്പത് വർഷം മുമ്പ് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെൻറ് അതോറിറ്റി, ഹൗസിംഗ് ബോർഡ്, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എന്നീ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകിയ ലോ ഇൻകം ഗ്രൂപ്പ് , മിഡിൽ ഇൻകം ഗ്രൂപ്പ്, ഹൈ ഇൻകം ഗ്രൂപ്പ് വീടുകൾ സ്ഥിതി ചെയ്യുന്ന ഭൂമി റവന്യൂ രേഖകളിൽ നിലമായി രേഖപ്പെടുത്തിയത് മൂലം പ്രസ്തുത വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനോ ക്രയവിക്രയം നടത്തുന്നതിനോ സാധിക്കാത്തതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ ഭൂമിയുടെ സർവേ നമ്പറുകൾ അടിസ്ഥാനമാക്കി ഈ ഭൂമിയെ പുരയിടമാക്കി മാറ്റുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** എറണാകുളം ജില്ലയിൽ, തൃക്കാക്കര മണ്ഡലത്തിലെ പനമ്പള്ളി നഗർ, ഗിരി നഗർ, ജവഹർ നഗർ, തുടങ്ങിയ സ്ഥലങ്ങളിൽ നാൽപ്പത് വർഷം മുമ്പ് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെൻറ് അതോറിറ്റി, ഹൗസിംഗ് ബോർഡ്, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എന്നീ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകിയ ലോ ഇൻകം ഗ്രൂപ്പ്, മിഡിൽ ഇൻകം ഗ്രൂപ്പ്, ഹൈ ഇൻകം ഗ്രൂപ്പ് വീടുകൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ലോസ് 6 പ്രകാരം ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ തഹസിൽദാർ മുമ്പാകെ കേരള വസ്തു നികുതി നിയമത്തിലെ 6A വകുപ്പ് പ്രകാരം, ഫോറം A-യിൽ അപേക്ഷ നൽകി വസ്തുനികുതി (Land Tax) പുതുക്കി നിശ്ചയിച്ച് നൽകുന്നതിനാവശ്യപ്പെടാവുന്നതാണ്.

എന്നാൽ കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ലോസ് 6 പ്രകാരം ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാകാത്തവർക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ പ്രകാരം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ചുമാത്രമേ ഭൂമി സ്വഭാവവ്യതിയാനം വരുത്തുന്നതിന് സാധിക്കുകയുള്ളൂ. പ്രസ്തുത പ്രദേശങ്ങളിലെ ഭൂമിയുടെ സർവേ നമ്പറുകൾ അടിസ്ഥാനമാക്കി ഈ ഭൂമിയെ പുരയിടമാക്കി മാറ്റുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**